**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2689** **17-03-2022 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി മണ്ഡലത്തിൽ 11 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ളതും ഭരണാനുമതി ലഭിച്ചതുമായ 11 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 110 കെ.വി പന്തലായനി സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി കൊയിലാണ്ടി താലൂക്കിലെ വിയ്യൂർ വില്ലേജിൽ അഞ്ച് സ്വകാര്യവ്യക്തികളുടെ പ്ലോട്ടുകളിൽ നിന്നായി ആകെ 89.66 സെന്റ് ഭൂമി ഏറ്റെടുക്കാൻ ശുപാർശ ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ 89.66 സെന്റിൽ നിന്നും 10 സെന്റ് K-Rail പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ സാധ്യതയുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ K-Rail പദ്ധതിക്കായി ഏറ്റെടുക്കപ്പെടാൻ സാധ്യതയുള്ള ഭൂമിയുടെ വിവരങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്തുവാനും ബാക്കി ഭൂമി സബ്സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമാണോ എന്ന് അറിയിക്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി യിട്ടുണ്ട്. ടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ കൈകൊള്ളുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം കാലതാമസം കൂടാതെ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ? | (ബി) | സ്ഥലം ലഭിക്കുന്ന മുറയ്ക്ക് ടി സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയും |

സെക്ഷൻ ഓഫീസർ